(f) will the Government be pleased to take steps for speedy disposal of sales tax appeals?

Answer.

(a) 1952-53—Rs. 2,26,25,507. 1953-54—Rs. 2,38,64,509.

(b) 1952-53—Rs. 14,13,219-1-8. 1953-54—Rs. 11,00,014-8-1.

(c) 1952-53—3087. 1953-54—2491.

(d) 5170 cases were compounded departmentally. In 29 cases prosecutions were launched. 66 cases were struck off. 313 cases are pending disposal.

(e) There is no avoidable delay in the disposal of appeals.

(f) In view of answer to (e) this does not arise.

പുത്തൻചിറ പാലം പണി.

165 [14] ശ്രീ. പി. കെ. അബ്ദുൾഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിലെ നാരായണമംഗലം-പുത്തൻചിറ പാലം പണിനിറുത്തിവച്ചിട്ട് കാലമെത്രയായി;

(ബി) അതിന് ആവശ്യമെന്തു്;

(സി) പ്രസ്തുത പണിക്ക് ഇതുവരെ എന്തു ചെലവായിട്ടുണ്ടു്;

(ഡി) പണി എപ്പോൾ തുടങ്ങി, എപ്പോൾ പൂർത്തിയാകും?

ഉത്തരം.

(എ) പണി നിറുത്തിവച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 10,333 രൂപ, 8 അണ.

(ഡി.) 1952-ൽ തുടങ്ങി. എപ്പോൾ പൂർത്തിയാകുമെന്നു് ക്യത്യമായി പറയുവാൻ നിവൃത്തിയില്ല.

പടിവട്ടം പാലം.

166 [15] ശ്രീ. എം. പി. മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇളംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട ഇടയക്കുന്നം ദേശത്തുള്ള പടിവട്ടംപാലം പൊളിഞ്ഞു കിടക്കുന്നതു് നന്നാക്കുന്നതിനെ സംബന്ധിച്ചു് ചേരാനല്ലൂർ പഞ്ചായത്തിൽനിന്നും വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

ഉത്തരം.

(എ) ഉവ്വു്.

(ബ്) സബ്ഡിവിഷൻ വർക്സ് കമ്മിറ്റി പണി തൽക്കാലം വേണ്ട എന്നു തീരുമാനിച്ചതിനാൽ മേൽ നടപടി ഒന്നും നടത്തിയില്ല. വിവരം പഞ്ചായത്തു പ്രസിഡൻറിനെ അറിയിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly